പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1752 — 07.03.2018 ൽ മറുപടിക്ക്

**കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി, സി.എച്ച്.സി കൾ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി, സി.എച്ച്.സി - കൾ അപ്ഗ്രേഡ് ചെയ്യണമെന്ന് കാണിച്ച് ആരോഗ്യ വകുപ്പിന് ലഭിച്ച പ്രൊപ്പോസലുകളിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരെഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടികയിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പൊന്മള പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി തെരെഞ്ഞെടുത്ത് ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച നൽകിയിട്ടുണ്ട്. |
| (ബി) | ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസിന്റെ ഓഫീസിൽ ഇത് സംബന്ധിച്ച് എം.എൽ.എ നൽകിയ കത്തുകളുടെയും ജില്ലാ മെഡിക്കൽ ഓഫീസർ (DMO) നൽകിയ റിപ്പോർട്ടുകളുടെയും വിശദമായ വിവരം ഫയൽ നമ്പർ ഉൾപ്പെടെ ലഭ്യമാക്കുമോ; | (ബി), (സി) & (ഡി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കോട്ടക്കൽ എം.എൽ.എ നൽകിയ കത്തുകൾക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും മറുപടികൾ ലഭിച്ചിട്ടില്ലെന്നകാര്യം പരിശോധിക്കുമോ; | | |
| (ഡി) | ആരോഗ്യ വകുപ്പിൽ നിന്നും എം.എൽ.എ ക്ക് മറുപടി ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ